# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4749 18.12.2014-ൽ മറുപടി

**റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് സ്ഥലം**

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | പി.ഐ.പി യുടെ ഉടമസ്ഥതയിൽ റാന്നി ഉതിമൂട്ടിൽ ഉള്ള വസ്തുവിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് വേണ്ടി എത്ര സ്ഥലം കൈമാറുന്നതിനാണ് എൻ.ഒ.സി ലഭിച്ചിട്ടുള്ളത്; | ജലവിഭവ (ഐ.ആർ) വകുപ്പിന്റെ 27.06.2014-ലെ 30863/ഐ.ആർ1/12/ജ.വി.വ നമ്പർ കത്ത് പ്രകാരം റാന്നി ഗവൺമെന്റ് ഐ.ടി.ഐ-ക്ക് വേണ്ടി റാന്നി വില്ലേജിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 517/6, 6-2, 6-10 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 0.749 ഹെക്ടർ ഭൂമി വ്യാവസായിക പരിശീലനവകുപ്പിന് സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഭൂമി കൈമാറുന്നതു സംബന്ധിച്ച് എന്നാണ് പി.ഐ.പി അപേക്ഷ നൽകിയത്; ഭൂമി അനുവദിക്കണം എന്നാവശ്യപ്പെട്ട് എംപ്ലോയിമെന്റ് & ട്രെയിനിംഗ് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത്; | പി.ഐ.പിയിൽ നിന്നും അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ റാന്നി വില്ലേജിൽ സർവ്വെ നമ്പർ 517/6, 6-2, 6-10 ൽപ്പെട്ട 0.749 ഹെക്ടർ സ്ഥലം റാന്നി ഗവൺമെന്റ് ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് 04.11.2014-ലെ ഐ 4-23764/10 നമ്പർ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടറിൽ നിന്നും അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമി ഡിപ്പാർട്ട്മെന്റിന് കൈമാറിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭൂമി കൈമാറാത്തത്; ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുന്നത്; | (സി) & (ഡി) ഭൂമി കൈമാറിയിട്ടില്ല. കൈമാറേണ്ട സ്ഥലത്തിന്റെ മഹസ്സർ, എഫ്.എം.ബിയുടെ പകർപ്പ്, പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ്, സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ്, പി.ഐ.പിയിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചതിന്റെ രേഖകൾ എന്നിവ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഉചിതമായ ശുപാർശയോടെ അനന്തര നടപടികൾക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതുണ്ട്. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തിയാക്കി അടിയന്തിരമായി വസ്തു കൈമാറുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | |

C.K.V.Kumar

സെക്ഷൻ ഓഫീസർ